"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് - നേഴ്സിംഗ് വിദ്യാഭ്യാസം - അക്കാദമികം - കൊല്ലം സർക്കാർ നേഴ്സിംഗ് കോളേജിന് ബസ് വാങ്ങുന്നതിനായി കേരള നേഴ്സസ് ആന്റ് മിഡ്‌വൈവ്സ് ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്**

സ.ഉ.(കൈ) നം.198/2024/H&FWD  തീയതി,തിരുവനന്തപുരം, 21-08-2024

---

പരാമർശം:- 1. 17.05.2024 തിയ്യതിയിലെ കെ.എൻ.എം.സി. റെജിസ്ട്രാറുടെ എ/52418/22/എൻ.സി. നം കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികളുടെ ക്ലിനിക്കൽ പരിശീലനവുമായി ബന്ധപ്പെട്ട പഠന യാത്രകൾയ്ക്കായി 60 പേർക്ക് യാത്ര ചെയ്യാൻ കഴിയുന്ന ഒരു വാഹനം വാങ്ങുന്നതിന് കൗൺസിലിന്റെ തനത് ഫണ്ടിൽനിന്നും 35 ലക്ഷം രൂപ അനുവദിക്കുന്നതിനായി കെ.എൻ.എം.സി. രജിസ്ട്രാർ പരാമർശം (1) പ്രകാരം സർക്കാരിന്റെ അനുമതി തേടിയിരുന്നു.

**2)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം നേഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾക്ക് പഠന യാത്രകൾക്കായി ബസ് വാങ്ങുന്നതിന് വിനിയോഗ സാക്ഷ്യ പത്രം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ യഥാസമയം ലഭ്യമാക്കണമെന്നും, തുക വിനിയോഗം ചെയ്യുന്നതിൽ നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പാലിക്കണമെന്നുമുള്ള വ്യവസ്ഥകളോടെയും തുക റിലീസ് ചെയ്യുന്നതിന് മുൻപായി വാങ്ങാൻ ഉദ്ദേശിക്കുന്ന വാഹനം സംബന്ധമായ വിശദാംശങ്ങൾ, വാഹനത്തിന്റെ എസ്റ്റിമേറ്റ് തുടങ്ങിയ അവശ്യ രേഖകൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ കൗൺസിലിൽ സമർപ്പിക്കേണ്ടതും രേഖകൾ പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷം മാത്രം വാഹനത്തിന് ആവശ്യമായ തുക കൗൺസിൽ ഫണ്ടിൽ നിന്നും അനുവദിക്കുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള നഴ്സസ് ആന്റ് മിഡ്‌വൈവ്സ് കൗൺസിൽ, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, കൊല്ലം (കെ.എൻ.എം.സി. മുഖേന)
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം, കേരളം
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Prijith. G

Date: 22-08-2024 11:39:12

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.